**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം — പാലാ നഗരസഭയിലെ സീനിയർ ക്ളർക്കായ ശ്രീ. ടോംസൺ ജോർജ്ജിന്റെ മുൻകാല സർവ്വീസ് ശമ്പള നിർണയത്തിന് പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.**3942**/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 07.12. 2017

---

പരാമർശം :
1. 13.07.1987 ലെ സ.ഉ.(എം.എസ്) നം .162/87/ തസ്വഭവ
2. 07/06/89 ലെ സ.ഉ.(എം.എസ്) നം.55/89/തസ്വഭവ
3. 12/09/06 ലെ സ.ഉ.(എം.എസ്) നം. 211/06/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 19.08.2017 തീയതിയിലെ ഇ 3-11368/2017 നം. കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ പാലാ നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. ടോംസൺ ജോർജ്ജ്, 01.07.2005 ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് സാമൂഹ്യക്ഷേമവകുപ്പിൽ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ച 30.06.2003 മുതൽ 01.07.2005 വരെയുള്ള കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ച നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം (1)ലെ ഉത്തരവിനു പ്രാബല്യം 31.3.1984 മുതൽ 11.09.2006 വരെ ആയതിനാലും ശ്രീ. ടോംസൺ ജോർജ്ജ്, 30.06.2003 മുതൽ 01.07.2005 വരെ സാമൂഹ്യക്ഷേമവകുപ്പിൽ കെയർടേക്കർ ആയി സേവനമനുഷ്ഠിച്ച ശേഷം 01.07.2005 ന് മുനിസിപ്പൽ കോമൺ സർവീസിൽ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടറായി ജോലിയിൽ പ്രവേശിച്ചതിനാലും, ടിയാളുടെ സാമൂഹ്യക്ഷേമവകുപ്പിലെ മുൻകാല സേവനം കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള സംരക്ഷണത്തിന് അർഹതയുണ്ട്.

3. മേൽ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും

11/09/2006 നം മദ്ധ്യേ ആയതിനാലും, ശ്രീ. ടോംസൺ ജോർജ്ജ് 01.07.2005 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾ സാമൂഹ്യക്ഷേമവകുപ്പിൽ കെയർടേക്കർ ആയി സേവനമനുഷ്ഠിച്ച 30.06.2003 മുതൽ 01.07.2005 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പള നിർണയത്തിന് പരിഗണിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ. ടോംസൺ ജോർജ്ജിന്റെ സേവനപുസ്തകവും ഉൾപ്പെടെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, പാലാ നഗരസഭ, കോട്ടയം

ശ്രീ. ടോംസൺ ജോർജ്ജ്, സീനിയർ ക്ലർക്ക്, പാലാ നഗരസഭ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ